ശ്രീ. ടി. കെ. നാരായണപിള്ള: വ്യ ഏക്കറിൽ ചിലപ്രദേശം സ്ഥലം ഈ കമ്പനിയുടെ ആവശ്യത്തിനുവേണ്ടി ചില വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി പാട്ടത്തിനു കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. ഡീവർ: സഹായം നൽകുമ്പോൾ കമ്പനിയുടെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം വല്ല പ്രത്യേകനിബന്ധനകളും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ ഏർപ്പെടുത്താറുണ്ട്.

ശ്രീ. പി. കെ. ഡീവർ: ഈ കമ്പനിയുടെ കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കമ്പനിയുടെ കാര്യത്തിലും ഏർപ്പെടുത്തിയിട്ടുണ്ട്.

ഷാക്കലിവർ ഓയിൽ കമ്പനി

*൩൫൬. (൨൦) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരത്തു് ഒരു ഷാക്കലിവർ ഓയിൽ കമ്പനി പ്രവർത്തനം നടത്തുന്നുണ്ടോ;

(ബി) ആ കമ്പനി ഗവൺമെൻറിൽനിന്നും നേരിട്ടാണോ നടത്തുന്നതു്;

(സി) അതിൻെറ പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ടു്.

(ബി) അതെ.

(സി) ഉണ്ടു്.

ശ്രീ. എം. ഐ. പോൾ: വെസ്റ്റ്കോസ്റ്റ് ഫിഷറീസും ഈ കമ്പനിയുമായി വല്ല ബന്ധവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കമ്പനി ഗവൺമെൻറ നടത്തുന്ന ഒന്നാണു്.

ശ്രീ. പി. കെ. ഡീവർ: ഇതൊരു കമ്പനിയാണോ ഒരു ഗവൺമെൻറ ഡിപ്പാർട്ട്മെൻറാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെൻറ് ഒരു ബോർഡ് ഓഫ് മാനേജ്മെൻറ് വെച്ചു ഈ വ്യവസായം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. ഡീവർ: ഇതിൽ എത്ര മൂലധനം മുടക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. ഡീവർ: ഇപ്പോൾ പ്രൊഡക്ഷൻ ആ കമ്പനിയിൽ തുടങ്ങിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തുടങ്ങിയിട്ടുണ്ടു്.

ശ്രീ. എ. കെ. പാപ്പുപിള്ള: ഇതിലെ പ്രൊഡക്ഷൻ മുഴുവൻ ചെലവായിക്കൊണ്ടിരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ചിലവാകുന്നുണ്ട്.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഈ ഓയിൽ എക്സ്പോർട്ട് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: എക്സ്പോർട്ട് ചെയ്യുന്നുണ്ട്.

ശ്രീ. എം. ഐ. പോൾ: ഈ കമ്പനിക്കുവേണ്ട ഓയിൽ സപ്ലൈ ചെയ്യുന്നതു വെസ്റ്റ്കോസ്റ്റ് ഫിഷറീസാണോ?

ശ്രീ ടി. കെ. നാരായണപിള്ള: അല്ല.

ശ്രീ. പി. കെ. ഡീവർ: ഷാക്കു് ലിവർ ഓയിൽ പ്രൊഡ്യൂസ് ചെയ്തുകൊണ്ടിരുന്നതു് ഈ കമ്പനി വരുന്നതിനു മുമ്പാണോ അതോ അതിനുശേഷമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കമ്പനി വരുന്നതിനു മുമ്പുതന്നെ പ്രൊഡ്യൂസ് ചെയ്തുകൊണ്ടിരുന്നു. പ്രൊഡക്ഷൻ ആദായകരമാക്കുന്നതിനാണു പുതിയ മാനേജ്മെൻറിൽ തുടങ്ങിയതു്.

ശ്രീ. പി. കെ. ഡീവർ: ഇതു വിൽക്കുന്നതിനു എങ്കിലും ഏജൻസി കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ചിന്താവിഷയമായിരിക്കുകയാണു്.

ശ്രീ. പി. കെ. ഡീവർ: മുമ്പു് എങ്കിലും ഏജൻസി ഉണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Sri. D. Gnanasigamoni: Do the Government propose to allow private parties to engage in this business?

Sri. T. K. Narayana Pillai: No. Government have no such proposal.

ശ്രീ. എം. ഐ. പോൾ: ഈ കമ്പനി ഡയറക്ടേഴ്സ് നടത്തുന്നതോ അതോ ഗവൺമെൻറാണോ നടത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെൻറിൽനിന്നും നടത്തുന്നതാണെന്നു ഞാൻ നേരത്തെതന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണു്.

ശ്രീ. പി. കെ. ഡീവർ: ഈ കമ്പനിയുടെ ആവശ്യത്തിലേക്കു് പരിഷ്കൃതരീതിയിലുള്ള യന്ത്രസാമഗ്രികൾ വല്ലതും വരുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വരുത്തണമെന്നു വിചാരിച്ചുകൊണ്ടിരിക്കുകയാണു്. മിക്കവാറും അടുത്ത വർഷം വരുത്തും.

ആലുവാ—എറണാകുളം ബസ്സ്ലൈൻ

*നമ്പർ ൪. (൨൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന പോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ആലുവാ—എറണാകുളം ബസ്സ്ലൈൻ ഗവൺമെണ്ടിൽനിന്നും ഏറ്റെടുക്കുമെന്നു കാണിച്ചു, ബസ്സുടമസ്ഥന്മാർക്കു നോട്ടീസ്സു കൊടുത്തിരുന്നോ; അതിനുശേഷം അതു മാറ്റാൻ കാരണമെന്തു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല. രണ്ടാംഭാഗം പോദ്യം ഉദിക്കുന്നില്ല.

ശ്രീ എൻ. വി. ചാക്കോ: ഈ ലൈൻ ഡബിൾഡക്കു് ബസ്സുകൾ ഓടിക്കുന്നതിനു പറഞ്ഞതാണെന്നു അറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly